LIBRARY ARCHIVES Kerala Legislative Assembly

കെ.ഡബ്ല്യു.എ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന റവന്യൂ കളക്ഷൻ ഏജൻസികൾ

71 [1049] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കളക്ഷനുമായി ബന്ധപ്പെട്ട് ഏതെല്ലാം ഏജൻസികൾ കെ. ഡബ്ല്യു. എ.-യിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) റവന്യൂ കളക്ഷനുമായി ബന്ധപ്പെട്ട് കുടുംബശ്രീ, വികലാംഗ കോർപ്പറേഷൻ എന്നീ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ ഏജൻസികളെ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിയമിക്കാറുള്ളത്.

(സി) മീറ്റർ റീഡിംഗ്, ബില്ലിംഗ്, ഡാറ്റ എൻട്രി എന്നീ ജോലികൾക്കായി മേൽപ്പറഞ്ഞ ഏജൻസികൾ മുഖേന കോൺട്രാക്ട് അടിസ്ഥാനത്തിൽ ആളുകളെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ചില അടിയന്തിര ഘട്ടങ്ങളിൽ ആളുകളെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ കെ.ഡബ്ല്യു.എ.-യുടെ പങ്ക്

72 [1050] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.ബി.ഐ.സി. (ജപ്പാൻ കുടിവെള്ള പദ്ധതി)-യിൽ കെ. ഡബ്ല്യു. എ.-യുടെ പങ്ക് എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) കെ. ഡബ്ല്യു. എ.-യുടെ എത്ര ഉദ്യോഗസ്ഥരാണ് ജെ.ബി.ഐ.സി.-ക്ക് വേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ളത്;

(സി) ജെ.ബി.ഐ.സി.-യുടെ കൺസൾട്ടൻസിയായ ടോക്യോ കൺസൾട്ടൻസിയുടെ കീഴിൽ കെ. ഡബ്ല്യു. എ.-യിൽ നിന്നും റിട്ടയർ ചെയ്തവർ ജോലി ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ എക്സിക്യൂട്ടിംഗ് ഏജൻസിയാണ് കെ. ഡബ്ല്യു. എ.

(ബി) കെ. ഡബ്ല്യു. എ.-യുടെ 46 ഉദ്യോഗസ്ഥരാണ് ജെ.ബി.ഐ.സി.-ക്ക് വേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ടോക്യോ എഞ്ചിനീയറിംഗ് കൺസൾട്ടൻസ് കമ്പനി നേതൃത്വം നൽകുന്ന ടി.ഇ.സി. കൺസോർഷ്യത്തിൽ താഴെ പറയുന്നവർ ഇപ്പോൾ ജോലി ചെയ്യുന്നു.

1. ശ്രീ. പി. എം. മോഹൻദാസ്
2. ശ്രീ. എൻ. വാസുദേവൻ പോറ്റി
3. ശ്രീ. കെ. ബാലകൃഷ്ണ പിള്ള
4. ശ്രീ. ആർ. ശശിധരൻ നായർ
5. ശ്രീ. കെ. സുരേന്ദ്രൻ
6. ശ്രീ. കൃഷ്ണകുമാർ, എം. പി.

## കേരള വാട്ടർ അതോറിറ്റിയിൽ പ്ലംബർ, ഫിറ്റർ, വർക്കർ തസ്തികകളിലേക്ക് നിയമനം

73 [1051] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ പി.എസ്.സി.-യിൽ നിന്നും ഏറ്റവും അവസാനമായി എന്നാണ് പ്ലംബർ, ഫിറ്റർ, വർക്കർ തസ്തികയിലേക്ക് നിയമനം നടത്തിയത്;

(ബി) വാട്ടർ അതോറിറ്റിയിലെ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോ ;

(സി) ഈ മൂന്ന് തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ജോലികൾ എങ്ങനെയാണ് ഇപ്പോൾ നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്ലംബർ തസ്തികയിലേക്ക് 21-4-1990-ലും ഫിറ്റർ തസ്തികയിലേക്ക് 19-5-1986-ലും വർക്കർ തസ്തികയിലേക്ക് 1-7-2004-ലും നിയമനം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്ലംബർ തസ്തികയിൽ 25 ഒഴിവുകളും ഫിറ്റർ തസ്തികയിൽ 36 ഒഴിവുകളും വർക്കർ തസ്തികയിൽ 33 ഒഴിവുകളും നിലവിലുണ്ട്. ഈ ജോലികൾ നിലവിലുള്ള ജീവനക്കാരെ വച്ചും അത്യാവശ്യ ഘട്ടങ്ങളിൽ കരാറുകാരുടെ സേവനവും ഉപയോഗപ്പെടുത്തുന്നു.

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1052 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

## കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള പമ്പ് ഓപ്പറേറ്റർമാരുടെ പി.എസ്.സി. ലിസ്റ്റ്

74 [1053] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ എത്ര പമ്പ് ഓപ്പറേറ്റർമാരുടെ ഒഴിവുകളുണ്ട്;

(ബി) പമ്പ് ഓപ്പറേറ്റർമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly